(ഡി) അനുബന്ധത്തിൽ പറയുന്നുണ്ട്.

(ഇ) മേഖലാടിസ്ഥാനത്തിൽ പെൻഷൻ നൽകാറില്ല.

16 (455) 'നവഭാരതം സംസ്കൃത മഹാകാവ്യം'

<u>ശ്രീ. എം മുരളി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്ക്കാരിക കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഹാകവി മുതുകുളം ശ്രീധറിന്റെ 'നവഭാരതം സംസ്കൃത മഹാകാവ്യം' മലയാള ലിപിയിൽ വ്യാഖ്യാനത്തോടുകൂടി പ്രസിദ്ധപ്പെടുത്തുന്നതിന് സാംസ്ക്കാരിക വകുപ്പ് 1984 ജൂൺ 15-ാം തീയതി ഏർപ്പെടുത്തിയിട്ടുള്ള കരാർ നടപ്പാക്കുന്നതിന് എന്ത് നടപടി എടുത്തു എന്ന് വ്യക്തമാക്കുമോ;

(ബി) ഇത് സംബന്ധിച്ച് ഗ്രന്ഥകാരൻമാർ 1997 ഒക്ടോബർ 1-ാം തീയതി സാംസ്ക്കാരിക വകുപ്പിന് നൽകിയ അപേക്ഷയിൻമേൽ എന്ത് നടപടി സ്വീകരിച്ചു;

(സി) ഇക്കാര്യത്തിൽ അടിയന്തിരമായി തീരുമാനമെടുക്കുന്നതിനും 'നവഭാരതം' എന്ന ഗ്രന്ഥം പ്രസിദ്ധീകരിക്കുന്നതിനും നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) പുസ്തക പ്രസിദ്ധീകരണം സംബന്ധിച്ച നടപടിയുടെ മുന്നോടിയായി പുസ്തകത്തിന്റെ കൈയെഴുത്തു പ്രതി സാംസ്ക്കാരിക പ്രസിദ്ധീകരണ വകുപ്പിന്റെ 15.12.93-ൽ ചേർന്ന ഉപദേശകസമിതി യോഗത്തിൽ സമർപ്പിച്ചു. എന്നാൽ സമിതി പരിശോധനയ്ക്ക് ശേഷം പുസ്തകം പ്രസിദ്ധീകരിക്കേണ്ടതില്ലെന്ന് തീരുമാനിച്ചു.

(ബി&സി) 15.12.93-ൽ ചേർന്ന പ്രൊഫ. എസ്. ഗുപ്തൻനായർ അദ്ധ്യക്ഷനായ ഉപദേശക സമിതിയോഗം ശ്രീ. മുതുകുളം ശ്രീധർ രചിച്ച 'നവഭാരതം' എന്ന ഗ്രന്ഥം 625 പേജുകൾ വലിപ്പം വരുന്നതാകയാൽ പ്രസിദ്ധീകരിക്കേണ്ടതില്ലെന്നു തീരുമാനിച്ചതിനാൽ ഗ്രന്ഥകാരനു മുൻകൂർ പ്രതിഫലമായി നൽകിയ തുക എഴുതിത്തള്ളുന്നതിനും ഗ്രന്ഥത്തിന്റെ കൈയെഴുത്തുപ്രതി മടക്കി നൽകുന്നതിനും ' നടപടി സ്വീകരിച്ചുവരുന്നതായി സാംസ്ക്കാരിക പ്രസിദ്ധീകരണവകുപ്പു ഡയറക്ടർ സർക്കാരിനെ അറിയിച്ചിട്ടുണ്ട്.

17 (457) വിദ്യാഭ്യാസ വകുപ്പിലെ തസ്തികകളിലെ ഒഴിവുകൾ

<u>ശ്രീ. എൻ. കണ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാഭ്യാസ വകുപ്പിൽ നിരവധി ഉയർന്ന തസ്തികകൾ ഒഴിഞ്ഞുകിടക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വിദ്യാഭ്യാസ വകുപ്പിൽ പ്രമോഷനുകൾ നടത്തുവാനുള്ള കാലതാമസംമൂലം വകുപ്പിന്റെ പ്രവർത്തനത്തിനു വളരെയേറെ ബുദ്ധിമുട്ടുകൾ ഉള്ളതായി പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly